(ഡി) ചർച്ചയ്ക്ക് കേന്ദ്ര സർക്കാർ ക്ഷണിച്ചിട്ടില്ല. എന്നാൽ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ദേശീയ കോൺഫറൻസുകളിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്.

കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി

24 (*379) ശ്രീ. രാജു എബ്രഹാം :
ശ്രീ. തോമസ് ഐസക് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിന്റെ ഫലമായി ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാമോ ;

(സി) റബ്ബറിനും കാപ്പിക്കും നേരിട്ട വിലത്തകർച്ചയ്ക്കു പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) അന്താരാഷ്ട്രവിപണിയിൽ റബ്ബറിനും കാപ്പിക്കും ഉണ്ടായ വിലവർദ്ധനവ് സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനു കാരണമായിട്ടുണ്ടോ ;

(ഇ) ഇറക്കുമതിനിയന്ത്രണം ഒഴിവാക്കി കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ&ബി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനു എല്ലാ പ്രധാന കാർഷികോൽപ്പന്നങ്ങളേയും ഉൾക്കൊള്ളിച്ച് 95 കോടിരൂപയുടെ ഒരു പ്രത്യേക പാക്കേജ് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. പ്രധാനവിളകളുടെ ഇറക്കുമതി തടയുന്നതിനും ഇവയുടെ ഇറക്കുമതി താരിഫ് ഡബ്ല്യൂ. റ്റി. ഒ. നിബന്ധിത പരമാവധി നിരക്കിലേക്ക് വർദ്ധിപ്പിക്കണമെന്നും നിരന്തരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

2. ഗുണമേന്മയുള്ള നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഇറക്കുമതി ചെയ്യപ്പെടുന്നവയുടെ ഗുണമേന്മ നിഷ്ക്കർഷിക്കുന്നതിനുള്ള നിബന്ധനകൾ കർശനമാക്കുന്നതിനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. അടയ്ക്കയുടെ വിലയിടിവ് തടയാൻ സർക്കാർ കാംകോവഴി മാർക്കറ്റ് വിലയേക്കാൾ കിലോക്ക് 10 രൂപ അധികം നൽകി സംഭരണം നടത്തി വരുന്നു.വിപണിയിലെ ഈ ഇടപെടൽമൂലം അടയ്ക്ക വില കിലോഗ്രാമിനു 30-40 രൂപവരെയായിരുന്നത് 50-60 രൂപവരെയായി ഉയർന്നിട്ടുണ്ട്.

4. കുരുമുളക് വിലയിടിയുന്നതു തടയാനും കേരളത്തിന്റെ കുരുമുളകിന്റെ ഗുണമേന്മയിൽ കലർപ്പുണ്ടാകുന്നത് ഒഴിവാക്കാനും ശ്രീലങ്കയിൽ നിന്നും അനിയന്ത്രിതമായ ഇറക്കുമതി തടയാൻ കേന്ദ്രത്തിലേക്ക് കത്തയച്ചു.

5. റബ്ബറിനു വില കുറഞ്ഞിരുന്ന അവസരത്തിൽ കേന്ദ്രം പ്രഖ്യാപിച്ച വിലയ്ക്കു നീയുക്ത ഏജൻസികൾ വഴി സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിന്റെ കൂടി ഫലമായി റബ്ബർ വില ഗണ്യമായി ഉയരുകയും ചെയ്തിട്ടുണ്ട്.

(സി) റബ്ബറിനു നേരിട്ട വിലത്തകർച്ചയ്ക്കു പരിഹാരം കാണാൻ റബ്ബർ സംഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കഴിഞ്ഞ വർഷം 12630991.85 രൂപ ചിലവാക്കിയിട്ടുണ്ട്. കാപ്പിക്ക് നേരിട്ട വിലത്തകർച്ചയ്ക്ക് പരിഹാരം കാണാൻ 2002-2003 വർഷത്തിൽ സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം കാപ്പിയോ കുരുമുളകോ ഒറ്റ വിളയായി കൃഷിചെയ്യുന്ന കർഷകർക്ക് ഹെക്ടറിനു 500 രൂപ വീതം കൃഷിചിലവിനു ആശ്വാസമെന്നോണം നൽകി വരുന്നു. കൂടാതെ കുരുമുളക് തോട്ടത്തിൽ കാപ്പി ഇടവിളയായി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിനു 1000 രൂപയും നൽകി വരുന്നു.

(ഡി) ഒരു പരിധിവരെ കാരണമായിട്ടുണ്ട്.

(ഇ) ഇറക്കുമതി നിയന്ത്രണം ഒഴിവാക്കി കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങൾക്ക് വിലതകർച്ച ഉണ്ടായിട്ടുണ്ട്. ഇതിനു പരിഹാരം കാണാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പ്രധാനവിളകളുടെ ഇറക്കുമതി തടയുന്നതിനും ഇവയുടെ ഇറക്കുമതി താരിഫ് ഡബ്ല്യൂ. ടി. ഒ. നിബന്ധിത പരമാവധി നിരക്കിലേക്ക് വർദ്ധിപ്പിക്കണമെന്നും നിരന്തരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

2. ഇറക്കുമതി ചെയ്യുന്ന കാർഷികോൽപ്പന്നങ്ങളുടെ ഗുണമേന്മ നിഷ്ക്കർഷിക്കുന്നതിനുള്ള നിബന്ധനകൾ കർശനമാക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കാട്ടുതീയുമായി ബന്ധപ്പെട്ട കേസ്സുകൾ

25 (*380) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ, ഏതെല്ലാം ഭാഗത്ത് കാട്ടുതീ ഉണ്ടായിട്ടുണ്ടെന്നും ഇതിൻപ്രകാരം എന്ത് നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly